2026
JUNE
30
TUESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# ഇന്ത്യൻ പീരങ്കികൾ ഇനി സ്വീഡനിൽ; വമ്പൻ പ്രതിരോധ കരാർ

**പാരീസ്:** സ്വീഡൻ ഉൾപ്പെടെയുള്ള നോർഡിക് രാജ്യങ്ങളുടെ സൈന്യങ്ങൾ തങ്ങളുടെ പീരങ്കി സംവിധാനങ്ങൾക്കായി ഇനി ഇന്ത്യൻ സാങ്കേതിക വിദ്യയെയും നിർമ്മാണത്തെയും ആശ്രയിക്കും. ഇന്ത്യൻ പ്രതിരോധ മേഖലയിലെ പ്രമുഖരായ ഭാരത് ഫോർജും സ്വീഡനിലെ നാമ്മോ കമ്പനിയും തമ്മിൽ ഇതുസംബന്ധിച്ച തന്ത്രപരമായ പങ്കാളിത്തത്തിൽ ഒപ്പിട്ടു. യൂറോപ്യൻ യൂണിയന്റെ 'റീ-ആം' പദ്ധതിയുടെ ഭാഗമായാണ് ഈ സുപ്രധാന നീക്കം നടക്കുന്നത്. പാരീസിൽ നടന്ന 'യൂറോസറ്ററി 2026' പ്രതിരോധ പ്രദർശനത്തിൽ വെച്ചാണ് ലാർജ് കാലിബർ ഡിഫൻസ് സബ് സിസ്റ്റങ്ങൾ സംയുക്തമായി നിർമ്മിക്കുന്നതിനായുള്ള താൽപ്പര്യ പത്രം ഇരു കമ്പനികളും ഒപ്പിട്ടത്. ഇന്ത്യയിൽ നിന്ന് വലിയ തോതിലുള്ള ആയുധസംഭരണമാണ് സ്വീഡൻ ഉൾപ്പെടുന്ന നോർഡിക് രാജ്യങ്ങളുടെ ലക്ഷ്യം.

ഇന്ത്യയും സ്വീഡനും തമ്മിലുള്ള ഉഭയകക്ഷി ബന്ധം 'സ്ട്രാറ്റജിക് പാർട്ണർഷിപ്പ്' എന്ന തലത്തിലേക്ക് അടുത്തിടെ ഉയർത്തിയിരുന്നു. ഇതിന്റെ ഭാഗമായാണ് ഈ സഹകരണം.

ആയുധങ്ങൾ വിദേശ രാജ്യങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്തിരുന്ന ഇന്ത്യ, ഇപ്പോൾ പാശ്ചാത്യ രാജ്യങ്ങളുടെ സൈന്യങ്ങൾക്ക് അത്യാധുനിക പ്രതിരോധ സംവിധാനങ്ങൾ വിതരണം ചെയ്യുന്ന പങ്കാളിയായി മാറുന്നുവെന്നതാണ് ഈ കരാറിന്റെ പ്രാധാന്യം. യൂറോപ്യൻ രാജ്യങ്ങളിലേക്ക് ഇന്ത്യയുടെ പ്രതിരോധ കയറ്റുമതി വർധിപ്പിക്കാൻ പുതിയ സംരംഭം വഴിയൊരുക്കും.



റഷ്യ-യൂറോപ്പ് സംഘർഷങ്ങളുടെ പശ്ചാത്തലത്തിൽ യൂറോപ്പിലെ പ്രതിരോധ സജ്ജീകരണം ശക്തമാക്കുന്നതിനും ആയുധക്ഷാമം പരിഹരിക്കുന്നതിനുമാണ് ഈ നീക്കം. യുക്രൈനിലേക്ക് റഷ്യ നടത്തിയ അധിനിവേശത്തേ തുടർന്ന് നോർഡിക് രാജ്യങ്ങൾ റഷ്യയെ പ്രതിരോധിക്കാനുള്ള ആയുധ സംഭരണം ആരംഭിച്ചിരുന്നു. പരമ്പരാഗതമായി യൂറോപ്പിലേയും അമേരിക്കയിലേയും പ്രതിരോധ കമ്പനികളെയാണ് ഇവർ ആയുധങ്ങൾക്കായി ആശ്രയിച്ചിരുന്നത്. ഈ രീതിക്കാണ് മാറ്റം വരുന്നത്. യൂറോപ്പിലെ സൈനിക പുനരുജ്ജീവനത്തിനായി ഇന്ത്യൻ പ്രതിരോധ ഉത്പന്നങ്ങളെ ആശ്രയിക്കുന്നു എന്നത് ഇന്ത്യയുടെ പ്രതിരോധ കയറ്റുമതി മേഖലയിലെ വലിയൊരു മുന്നേറ്റമാണ്

പീരങ്കി ബാരലുകൾ, ബ്രീച്ച് മെക്കാനിസങ്ങൾ പീരങ്കികളിൽ ഷെല്ലുകൾ നിറയ്ക്കാനും, വെടിവെക്കുമ്പോൾ ഉണ്ടാകുന്ന അതിശക്തമായ മർദ്ദം ചോരാതിരിക്കാനും സഹായിക്കുന്ന സംവിധാനമാണ് ബ്രീച്ച് മെക്കാനിസം , മറ്റ് വലിയ പീരങ്കി അനുബന്ധ ഘടകങ്ങൾ എന്നിവ കരാറിന്റെ ഭാഗമായി നിർമ്മിക്കും. ഇവ യൂറോപ്യൻ പ്ലാറ്റ്ഫോമുകളിൽ സംയോജിപ്പിക്കാനാണ് പദ്ധതി. 'മെയ്ഡ് വിത്ത് സ്വീഡൻ', 'മേക്ക് ഇൻ ഇന്ത്യ' എന്നീ ആശയങ്ങൾ സംയോജിപ്പിച്ചാണ് ഈ സംയുക്ത സംരംഭം പ്രവർത്തിക്കുക.

സ്വീഡനിലെ കിൽസ്റ്റയിലുള്ള ഭാരത് ഫോർജിന്റെ അനുബന്ധ സ്ഥാപനത്തിലൂടെ ആധുനിക റോബോട്ടിക്സ്, പ്രിസിഷൻ ഫോർജിംഗ് സാങ്കേതിക വിദ്യകൾ ഉപയോഗിച്ചായിരിക്കും നിർമ്മാണം നടക്കുക. ഇന്ത്യയുടെ എ.ടി.എ.ജി.എസ്, കെ9 വജ്ര തുടങ്ങിയ പീരങ്കി സംവിധാനങ്ങൾ അന്താരാഷ്ട്ര തലത്തിൽ നേടിയ ശ്രദ്ധയാണ് ഇത്തരം ഒരു വലിയ കരാറിലേക്ക് വഴിതുറന്നത്. പ്രത്യേകിച്ചും ലഡാക്ക് പോലുള്ള അതിശൈത്യ മേഖലകളിൽ ഇവ വിജയകരമായി പരീക്ഷിച്ചതിനാൽ, മഞ്ഞുമൂടിയ നോർഡിക് രാജ്യങ്ങളിലെ കാലാവസ്ഥയ്ക്ക് ഇവ തികച്ചും അനുയോജ്യമാണ്. ഇന്ത്യയും സ്വീഡനും തമ്മിലുള്ള ഉഭയകക്ഷി ബന്ധം കൂടുതൽ ശക്തമാക്കുന്നതിനും ആഗോള പ്രതിരോധ വിതരണ ശൃംഖലയിൽ ഇന്ത്യയുടെ സ്ഥാനം ഉറപ്പിക്കുന്നതിനും ഈ കരാർ സഹായിക്കും.

## പെട്രോൾ, ഡീസൽ വിൽപന നിയന്ത്രണങ്ങൾ കേന്ദ്രം പിൻവലിച്ചു; ജൂലൈ മുതൽ പ്രാബല്യത്തിൽ

**ന്യൂദൽഹി:** പശ്ചിമേഷ്യയിലെ സംഘർഷത്തെ തുടർന്ന് ഇന്ധനക്ഷാമം ഉണ്ടാകുന്നത് തടയാൻ ഈ മാസം ആദ്യം ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ ജൂലൈ ഒന്നു മുതൽ അവസാനിപ്പിക്കാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചു. പെട്രോളിയം ഉൽപന്നങ്ങളുടെ നിലവിലെ വിതരണ സാഹചര്യം വിലയിരുത്തിയെന്നും നിയന്ത്രണങ്ങൾ ആവശ്യമില്ലെന്നും സർക്കാർ ഉത്തരവിൽ പറയുന്നു.

ജൂൺ 12 നാണ് താൽക്കാലിക നിയന്ത്രണം ഏർപ്പെടുത്തിയത്. ഇന്ത്യൻ ഓയിൽ കോർപറേഷൻ ലിമിറ്റഡ്, ഭാരത് പെട്രോളിയം കോർപറേഷൻ ലിമിറ്റഡ്, ഹിന്ദുസ്ഥാൻ പെട്രോളിയം കോർപറേഷൻ ലിമിറ്റഡ് എന്നിവയുടെ റീട്ടെയിൽ ഔട്ട്ലെറ്റുകൾ (പെട്രോൾ പമ്പുകൾ) വഴിയുള്ള പെട്രോൾ, ഡീസൽ വിൽപനയും വിതരണവും നിയന്ത്രിക്കാനായിരുന്നു ഉത്തരവ്. പെട്രോളിന്റെയും ഡീസലിന്റെയും വിതരണം ഉറപ്പാക്കുന്നതിനു ഈ നിയന്ത്രണങ്ങൾ ആവശ്യമാണെന്ന് സർക്കാർ കരുതുന്നതായി ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. സാഹചര്യങ്ങൾ മാറിയതോടെയാണ് ഉത്തരവ് പിൻവലിച്ചത്.

വ്യവസായ, വാണിജ്യ സ്ഥാപനങ്ങൾ പമ്പുകളിൽ നിന്നു പെട്രോളും ഡീസലും വാങ്ങുന്നത് ജൂൺ 12 ലെ ഉത്തരവിലൂടെ വിലക്കിയിരുന്നു. പകരം മൊത്ത വിതരണക്കാരിൽനിന്ന് ഇന്ധനം വാങ്ങാനാണ് ഇവരോട് നിർദേശിച്ചിരുന്നത്. എണ്ണ വിപണന കമ്പനികളോടും ഇന്ധന ചില്ലറ വിൽപനക്കാരോടും റീട്ടെയിൽ ഔട്ട്ലെറ്റുകളിൽ നിന്നുള്ള മൊത്തം വാങ്ങലുകൾ 90 ദിവസം വരെ പരിമിതപ്പെടുത്താനും നിർദേശിച്ചിരുന്നു.

## ദൽഹിയിൽ മുച്ചക്ര ഇരുചക്ര വാഹനങ്ങൾ ഇനി ഇലക്ട്രിക്കിൽ മാത്രം

**ന്യൂദൽഹി:** സർക്കാരിന്റെ പുതിയ ഇലക്ട്രിക് വാഹന നയത്തിന് തിങ്കളാഴ്ച അംഗീകാരം ലഭിച്ചു. 15,000 കോടി രൂപയുടെ ബജറ്റും ഇതിനായി മാറ്റിവെച്ചു. ജൂലൈ ഒന്നിന് പ്രാബല്യത്തിൽ വരുന്ന ഈ നയം 2030 മാർച്ച് 31 വരെ തുടരുമെന്ന് ഡൽഹി മുഖ്യമന്ത്രി രേഖാ ഗുപ്ത അറിയിച്ചു. അടുത്ത നാലുവർഷക്കാലം നഗരത്തിൽ ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായാണ് 15,000 കോടി രൂപയുടെ ബജറ്റ് ചെലവഴിക്കുക.നഗരത്തിലെ മലിനീകരണത്തിന്റെ 33 ശതമാനം വാണിജ്യ ചരക്ക് വാഹനങ്ങളും 46 ശതമാനം ഇരുചക്രമുച്ചക്ര വാഹനങ്ങളുമാണ് ഉണ്ടാക്കുന്നതെന്ന് ട്രാൻസ്പോർട്ട് കമ്മീഷണർ നിഹാരിക വ്യക്തമാക്കി. അതിനാൽ ഈ വാഹനങ്ങളെ പൂർണ്ണമായും ഇലക്ട്രിക് ആക്കി മാറ്റാനാണ് ഈ നയത്തിലൂടെ സർക്കാർ പ്രധാനമായും ലക്ഷ്യമിടുന്നത്.

ആദ്യ മൂന്ന് വർഷങ്ങളിൽ ഇരുചക്ര വാഹനങ്ങൾക്ക് യഥാക്രമം 30,000, 20,000, 10,000 എന്നിങ്ങനെയും, മുച്ചക്ര വാഹനങ്ങൾക്ക് 50,000, 40,000, 30,000 എന്നിങ്ങനെയും പർച്ചേസ് ഇൻസെന്റീവ് ലഭിക്കും. N1 വാണിജ്യ ട്രക്കുകൾക്ക് ആദ്യവർഷം ഒരു ലക്ഷം രൂപയുടെ സബ്സിഡിയും സർക്കാർ വാഗ്ദാനം ചെയ്യുന്നുണ്ട്. എന്നാൽ, ഹൈബ്രിഡ് വാഹനങ്ങൾക്ക് സബ്സിഡി ലഭിക്കില്ല.പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് പുറമെ, പഴയ ബിഎസ്IV വാഹനങ്ങൾ പൊളിക്കുന്നതിനുള്ള സ്ക്രാപ്പിംഗ് ഇൻസെന്റീവുകളും നയം പ്രഖ്യാപിച്ചിട്ടുണ്ട്. ഇരുചക്ര വാഹനങ്ങൾക്ക് 10,000, മുച്ചക്ര വാഹനങ്ങൾക്ക് 25,000, N1 ട്രക്കുകൾക്ക് 50,000, ഗ്രാമീൺ സേവാ യൂണിറ്റുകൾക്ക് 15,000 എന്നിങ്ങനെയാണ് ഇൻസെന്റീവ് ലഭിക്കുക.






## യാക്കോബ് മാർ തെയോഫിലോസിന്റെ ഓർമ; ഒളശയിൽ നിന്ന് തീർഥയാത്ര

**തിരുവല്ല:** പുനരൈക്യ പ്രസ്ഥാനത്തിന്റെ സഹശില്പിയും തിരുവല്ല ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തയുമായിരുന്ന യാക്കോബ് മാർ തെയോഫിലോസിന്റെ 70ാമത് ഓർമപ്പെരുന്നാളിനോടനുബന്ധിച്ച് എംസിവൈഎം തിരുവല്ല അതിഭദ്രാസനത്തിന്റെയും കോട്ടയം മേഖലയുടെയും ആഭിമുഖ്യത്തിൽ ഛായാചിത്ര പ്രയാണവും തീർഥാടന പദയാത്രയും നടന്നു.

രാവിലെ ഒളശയിൽ മാർ തെയോഫിലോസിന്റെ ജന്മഗൃഹത്തിൽനിന്ന് ആരംഭിച്ച ഛായാചിത്ര പ്രയാണം വാകത്താനം സെൻറ് തോമസ് മലങ്കര സുറിയാനി കത്തോലിക്കാ ദേവാലയത്തിൽ എത്തിയപ്പോൾ അതിഭദ്രാസന അധ്യക്ഷൻ ഡോ.തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തയുടെ മുഖ്യകാർമികത്വത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു.

വാകത്താനത്തു നിന്ന് ഉച്ചയ്ക്ക് ആരംഭിച്ച പദയാത്ര വൈകുന്നേരം മാർ തെയോഫിലോസ് മെത്രാപ്പോലീത്ത അന്ത്യവിശ്രമം കൊള്ളുന്ന തിരുവല്ല സെൻറ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രലിലെ കബർ ചാപ്പലിൽ എത്തിച്ചേർന്നു. തുടർന്ന് കബറിടത്തിൽ ആർച്ച് ബിഷപ് ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തയുടെ നേതൃത്വത്തിൽ ധൂപപ്രാർഥന നടന്നു.

## പൾസ് പോളിയോ ഇമ്യൂണൈസേഷൻ: ആദ്യദിനം എറണാകുളം ജില്ലയിൽ 96.38 ശതമാനം നേട്ടം



**കൊച്ചി:** ഈ വർഷത്തെ പൾസ് പോളിയോ ഇമ്യൂണൈസേഷൻ പരിപാടി ജില്ലയിൽ മികച്ച നേട്ടം(96.38 ശതമാനം). ജില്ലയിൽ അഞ്ചു വയസിന് താഴെയുള്ള 1,61,529 കുട്ടികൾക്കാണ് പൾസ് പോളിയോ തുള്ളി മരുന്ന് നൽകാൻ ലക്ഷ്യമിട്ടത്. ഇതിൽ 1,55,681 കുട്ടികൾക്കാണ് ആദ്യ ദിനത്തിൽ പൾസ് പോളിയോ തുള്ളി മരുന്ന് നൽകിയത്.

ഇതിൽ 4303 ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികളും ഉൾപ്പെടുന്ന  വിവിധ ആരോഗ്യ സ്ഥാപനങ്ങൾ അങ്കണവാടികൾ എന്നിവിടങ്ങളിലും പൊതു ഇടങ്ങളിലും സജ്ജമാക്കിയ ട്രാൻസിറ്റ് ബൂത്തുകൾ വഴിയാണ് തുള്ളിമരുന്ന് നൽകിയത്.

ഇന്നലെ തുള്ളി മരുന്ന് എടുക്കാൻ സാധിക്കാതെ പോയ കുട്ടികൾക്ക് ആരോഗ്യപ്രവർത്തകർ ഇന്നും നാളെയും വീടുകളിൽ എത്തി തുള്ളി മരുന്ന് നൽകുന്നതാണ്. ഇതുകൂടാതെ പ്രധാന റെയിൽവേ സ്റ്റേഷൻ, മെട്രോ സ്റ്റേഷൻ തുടങ്ങിയ ട്രാൻസിറ്റ് ബൂത്തുകളിലും പോളിയോ തുള്ളിമരുന്ന് നൽകുന്നതാണ്. ആളുകൾക്ക് എത്തിച്ചേരാൻ ബുദ്ധിമുട്ടുള്ള പ്രദേശങ്ങളിലും ഇതര സംസ്ഥാന തൊഴിലാളി ക്യാമ്പുകളിലും, കുട്ടികൾക്ക് തുള്ളിമരുന്ന് നൽകുന്നതിനായി 25 മൊബൈൽ ടീമുകൾ പ്രവർത്തിച്ചു.

ജില്ലാതല ഉദ്ഘാടനം ടി.ജെ.വിനോദ് എംഎൽഎ നിർവഹിച്ചു. നമ്മുടെ സമൂഹം പോളിയോ മുക്തമായി നിലനിർത്താൻ എല്ലാ കുട്ടികൾക്കും പോളിയോ തുള്ളിമരുന്ന് ലഭിച്ചുവെന്ന് ഉറപ്പാക്കണമെന്ന് അദ്ദേഹം പറഞ്ഞു. ചേരാനെല്ലൂർ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രത്തിൽ നടന്ന ചടങ്ങിൽ ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് എം.പി. ക്ലീറ്റസ് അധ്യക്ഷത വഹിച്ചു.



# ലഹരിവിരുദ്ധ പോരാട്ടത്തിൽ കുട്ടികളും പങ്കാളികളാകണം: മുഖ്യമന്ത്രി

**തിരുവനന്തപുരം:** ലഹരിവിരുദ്ധ പോരാട്ടത്തിൽ കുട്ടികൾ സ്വയം സന്നദ്ധപ്രവർത്തകരായി മുന്നോട്ടുവരണമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ ആവശ്യപ്പെട്ടു. അന്താരാഷ്ട്ര മയക്കുമരുന്ന് വിരുദ്ധ ദിനത്തോടനുബന്ധിച്ച് എക്സൈസ് വകുപ്പും വിശ്വശാന്തി ഡെവലപ്മെന്റ് ഫൗണ്ടേഷനും സംയുക്തമായി സംഘടിപ്പിച്ച ബോധവൽക്കരണ റാലി കവടിയാറിൽ ഫ്ലാഗ് ഓഫ്  ചെയ്യുകയായിരുന്നു സതീശൻ.

ലഹരി ഉപയോഗം തകർക്കുന്നത് ഒരു വ്യക്തിയെ മാത്രം അല്ലെന്നും അതിലൂടെ ഒരു കുടുംബവും സമൂഹവും നാടും പ്രതിസന്ധിയിലാകുന്ന സാഹചര്യമാണുണ്ടാകുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു. കുട്ടികൾ മാതാപിതാക്കളുടെ മാത്രം പ്രതീക്ഷയല്ല, നാടിന്റെ തന്നെ പ്രതീക്ഷയാണെന്നും സതീശൻ ഓർമിപ്പിച്ചു. ലഹരിമാഫിയയെ ഇല്ലാതാക്കാൻ സർക്കാർ ശക്തമായ നടപടികളുമായി മുന്നോട്ട് പോകുമെന്നും അദ്ദേഹം വ്യക്തമാക്കി. അന്താരാഷ്ട്ര ലഹരി ശൃംഖലകൾ ശക്തിപ്രാപിക്കുന്ന സാഹചര്യത്തിൽ മയക്കുമരുന്ന് മാഫിയയെ കൂടുതൽ കാര്യക്ഷമമായി ചെറുക്കുന്നതിനായി സംസ്ഥാനത്ത് സ്റ്റേറ്റ് നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ രൂപീകരിക്കുമെന്ന് എക്സൈസ് വകുപ്പ് മന്ത്രി എം ലിജു പറഞ്ഞു.

ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ ദീർഘകാല അടിസ്ഥാനത്തിൽ ശക്തിപ്പെടുത്തുന്നതിനായി 'മയങ്ങില്ല കേരളം' പോർട്ടൽ ആരംഭിക്കുമെന്നും മന്ത്രി അറിയിച്ചു. സമൂഹത്തിന്റെ വിവിധ മേഖലകളെ ഏകോപിപ്പിച്ച് ബോധവൽക്കരണവും പ്രതിരോധ പ്രവർത്തനങ്ങളും കൂടുതൽ വ്യാപിപ്പിക്കുന്നതിനാണ് പോർട്ടൽ ലക്ഷ്യമിടുന്നത്. കവടിയാറിൽ നിന്ന് കനകക്കുന്ന് കൊട്ടാരം വരെ നടന്ന ബോധവൽക്കരണ റാലിയിൽ കൂട്ടയോട്ടം, ബൈക്ക് റാലി, സൈക്കിൾ റാലി, റോളർ സ്കേറ്റിങ് തുടങ്ങിയ പരിപാടികൾ നടന്നു. ചടങ്ങിൽ എക്സൈസ് കമ്മീഷണർ സീറാം സാംബശിവ റാവു, കൗൺസിലർ ശബരീനാഥൻ കെ എസ്, വിശ്വശാന്തി ഡെവലപ്മെന്റ് ഫൗണ്ടേഷൻ മാനേജിങ് ഡയറക്ടർ മേജർ രവി എന്നിവർ പങ്കെടുത്തു.

# വിദ്യാർത്ഥികളിൽ കൃഷി ലഹരിയാക്കാൻ മിഷൻ നടപ്പാക്കും: മന്ത്രി ടി സിദ്ധീഖ്

**ബത്തേരി:** ജില്ലയിലെ സ്കൂളുകളിൽ കതിർ ക്ലബ്ബുകൾ ആരംഭിച്ച് വിദ്യാർത്ഥികളിൽ കൃഷി ലഹരിയാക്കി കാർഷിക വൃത്തിയിലേക്ക് എത്തിക്കുന്നതിന് കൃഷി വകുപ്പ് മുഖേന മിഷൻ നടപ്പാക്കുകയാണെന്ന് മന്ത്രി അഡ്വ ടി സിദ്ധീഖ് പറഞ്ഞു. അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനത്തിന്റെ ഭാഗമായി പോലീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തിയ കൽപ്പറ്റയിൽ നടന്ന ലഹരി വിരുദ്ധ ബോധവത്കരണ പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. മിഷൻ പദ്ധതി നടപ്പാക്കുന്നതിനായി സ്കൂളിൽ നോഡൽ ടീച്ചറെ ചുമതലപ്പെടുത്തി വീടുകളിൽ കൃഷികൾ ചെയ്യുന്നതിനുള്ള നടപടികളാണ് നടത്തുന്നത്.

കേരളത്തിലെ ചെറുപ്പക്കാരെ വരിഞ്ഞുമുറുക്കാമെന്ന മാഫിയകളുടെ ആഗ്രഹം ഒരു കാരണവശാലും അനുവദിക്കില്ലെന്നും മന്ത്രി പറഞ്ഞു. ഓപ്പറേഷൻ തൂഫാന് നേതൃത്വം നൽകി നർകോട്ടിക് ശൃംഖലയ്ക്കെതിരെയുള്ള യുദ്ധത്തിൽ ഏർപ്പെട്ടിരിക്കുകയാണ് സർക്കാർ. സ്ഥാപനങ്ങളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ചുറ്റുപാടുകളിലും മാർക്കറ്റുകളിലും പൊതുയിടങ്ങളിലും ലഹരി മാഫിയ ശക്തിപ്രാപിക്കുകയാണ്. ഇതിനെതിരെ രാജ്യത്തെ വിവിധ ഏജൻസികളുടെയും അയൽ സംസ്ഥാന ഏജൻസികളുടെയും ഏകോപനം സർക്കാർ ഉറപ്പാക്കുന്നുണ്ടെന്നും മന്ത്രി പറഞ്ഞു.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചന്ദ്രിക കൃഷ്ണൻ അധ്യക്ഷയായ പരിപാടിയിൽ തൂഫാൻ വാരിയർ ബാഡ്ജ് വിതരണവും ലഹരി വിരുദ്ധ സന്ദേശവും ജില്ലാ പോലീസ് മേധാവി ദേവമനോഹർ നിർവഹിച്ചു.

മന്ത്രി ടി സിദ്ധിഖ്, സിനിമാതാരം അബു സലിം, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, വിദ്യാർത്ഥികൾ എന്നിവർ തൂഫാൻ വാരിയർ ബാഡ്ജ് ഏറ്റുവാങ്ങി.

കൽപ്പറ്റ നഗരത്തിൽ നടന്ന ബോധവത്കരണ റാലി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചന്ദ്രിക കൃഷ്ണൻ, ജില്ലാ പോലീസ് മേധാവി ദേവമനോഹർ എന്നിവർ ചേർന്ന് ഫ്ലാഗ് ഓഫ് ചെയ്തു. തുടർന്ന് ചുണ്ട ആർ.സി.എച്ച്.എസ്. സ്കൂൾ വിദ്യാർത്ഥികൾ ലഹരി ബോധവത്കരണ മൈം അവതരിപ്പിച്ചു. ഇന്ത്യൻ ക്രിക്കറ്റ് താരം സജന സജീവൻ ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലി. കൽപ്പറ്റ നഗരസഭാ ചെയർപേഴ്സൺ പി വിശ്വനാഥൻ, അഡീഷണൽ പോലീസ് സൂപ്രണ്ട് കെ.എസ് ഷാജി, കൽപ്പറ്റ പോലീസ് ഇൻസ്പെക്ടർ ടി.പി ദിനേഷ്, കൗൺസിലർ ഗിരീഷ്, ജനപ്രതിനിധികൾ, വിദ്യാർത്ഥികൾ, ഉദ്യോഗസ്ഥർ, ജീവനക്കാർ എന്നിവർ പങ്കെടുത്തു.



# യന്ത്രവത്കരണം പ്രോത്സാഹിപ്പിക്കാൻ കാർഷിക യന്ത്രോപകരണങ്ങൾ സബ്സിഡി നിരക്കിൽ

**മലപ്പുറം:** സംസ്ഥാനത്തെ കാർഷിക മേഖലയിൽ യന്ത്രവത്കരണം കൂടുതൽ പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പാക്കുന്ന 'സബ്മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ'പദ്ധതിയിലേക്ക് അപേക്ഷകൾ ക്ഷണിച്ചു. 2026-27 സാമ്പത്തിക വർഷത്തേക്കുള്ള ഓൺലൈൻ അപേക്ഷകൾ ജൂലൈ ഒന്നിന് രാവിലെ 11 മുതൽ ഓഗസ്റ്റ് മൂന്നുവരെ സ്വീകരിക്കും. കേന്ദ്രസംസ്ഥാന സർക്കാരുകളുടെ സംയുക്ത പങ്കാളിത്തത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്.

കാർഷിക യന്ത്രങ്ങൾ, വിളവെടുപ്പ് യന്ത്രങ്ങൾ, വിള സംസ്കരണ ഉപകരണങ്ങൾ, മൂല്യവർധിത ഉത്പന്ന നിർമാണ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് 40 മുതൽ 50 ശതമാനം വരെ സബ്സിഡി ലഭിക്കും. കർഷക സംഘങ്ങൾ, സ്വയം സഹായ സംഘങ്ങൾ, കർഷക ഉത്പാദക സംഘടനകൾ, പഞ്ചായത്തുകൾ എന്നിവയ്ക്ക് യന്ത്രങ്ങൾ വാടകയ്ക്ക് നൽകുന്നതിനുള്ള കേന്ദ്രങ്ങൾ സ്ഥാപിക്കാൻ പദ്ധതി തുകയുടെ 40 ശതമാനം വരെ ധനസഹായം ലഭിക്കും.

യന്ത്രവത്കരണം കുറവുള്ള പ്രദേശങ്ങളിൽ ഇവ സ്ഥാപിക്കുന്നതിനായി കർഷക കൂട്ടായ്മകൾക്ക് 30 ലക്ഷം രൂപ വരെയുള്ള പദ്ധതികൾക്ക് പരമാവധി 80 ശതമാനം (24 ലക്ഷം രൂപ വരെ) ധനസഹായം ലഭ്യമാക്കും. വനാവകാശ നിയമപരിധിയിൽ ഉള്ള ഗുണഭോക്താക്കൾക്ക് എല്ലാ വിഭാഗങ്ങളിലും 90 ശതമാനം വരെ ആനുകൂല്യം ലഭിക്കും.

വ്യക്തിഗത അപേക്ഷകരുടെ എണ്ണം അനുവദിച്ച ലക്ഷ്യത്തേക്കാൾ കൂടുതലാണെങ്കിൽ, പോർട്ടലിലെ 'ഓൺലൈൻ ലോട്ടറി മോഡ്യൂൾ' വഴിയുള്ള സുതാര്യമായ നറുക്കെടുപ്പിലൂടെയായിരിക്കും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുക. നറുക്കെടുപ്പ് തിയതിയും ഫലവും അഗ്രി മിഷനറി പോർട്ടൽ വഴി പ്രസിദ്ധീകരിക്കും. ഈ സ്ലോട്ടിൽ അവസരം ലഭിക്കാത്തവർക്ക് അടുത്ത സ്ലോട്ടിൽ വീണ്ടും അപേക്ഷിക്കാം.

താത്പര്യമുള്ളവർക്ക് agrimachin ery.n ic.in/ index എന്ന ഔദ്യോഗിക അഗ്രി മെഷിനറി പോർട്ടൽ വഴി ഓൺലൈനായി അപേക്ഷിക്കാം. വിവരങ്ങൾക്കും അപേക്ഷകൾ സമർപ്പിക്കുന്നതിനുമുള്ള സഹായങ്ങൾക്കായി മലപ്പുറം ആനക്കയത്തുള്ള കൃഷി അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനിയറുടെ ഓഫീസുമായോ അടുത്തുള്ള കൃഷിഭവനുമായോ ബന്ധപ്പെടാം.

അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനിയർ (കൃഷി): +91 9383471643, ടെക്നിക്കൽ അസിസ്റ്റൻറ്: 91 7736010356, ഇമെയിൽ: aeempm@gmail.com



# വാട്ടർമെട്രോ യാത്രക്കാർക്ക് കാത്തിരിപ്പ് ഒഴിവാക്കാം : ഹൈക്കോർട്ട് ടെർമിനലിൽ നാല് പുതിയ ഫ്ളോട്ടിംഗ് പോൻ്റൂണുകൾ വരുന്നു

**കൊച്ചി:** സർവീസുകൾക്കിടയിലെ കാത്തിരിപ്പ് സമയം കുറയ്ക്കുന്നതിനായി ഏറ്റവും തിരക്കേറിയ വാട്ടർ മെട്രോയുടെ എറണാകുളം ഹൈക്കോർട്ട് ടെർമിനലിൽ നാല് പുതിയ ഫ്ളോട്ടിംഗ് പോൻറൂണുകൾ (വെള്ളത്തിൽ പൊങ്ങിക്കിടക്കുന്ന കൃത്രിമ പ്ളാറ്റ്ഫോമുകൾ) സ്ഥാപിക്കുന്നു. പുതിയ ബർത്തുകൾകൂടി വരുന്നതോടെ ഫോർട്ടുകൊച്ചി, മട്ടാഞ്ചേരി, വൈപ്പിൻ റൂട്ടുകളിൽ വാട്ടർമെട്രോ സർവീസുകളുടെ ഇടവേള 10 മിനിട്ടായി കുറയ്ക്കാൻ കഴിയുമെന്ന് കൊച്ചി വാട്ടർ മെട്രോ ലിമിറ്റഡ് ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ സജൻ പി. ജോൺ പറഞ്ഞു.

ഓണത്തിന് മുൻപായി പുതുക്കിയ സർവീസ് ക്രമീകരണം നിലവിൽ വരും.

ഹൈക്കോടതിഫോർട്ട്കൊച്ചി റൂട്ടിലാണ് വാട്ടർമെട്രോയ്ക്ക് ഏറ്റവും കൂടുതൽ യാത്രക്കാരുള്ളത്. നിലവിൽ 15 മുതൽ 30 മിനിട്ട് വരെയുള്ള ഇടവേളയിലാണ് സർവീസ്. അരമണിക്കൂറോളം കാത്തിരിക്കേണ്ടിവരുന്നത് യാത്രക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നതാണെന്ന് നേരത്തെ മുതൽ പരാതി ഉയർന്നിരുന്നു. ഇതിനു പരിഹാരം എന്ന നിലയിലാണ് പുതിയ പോൻറൂണുകൾ സ്ഥാപിക്കാൻ തയാറെടുക്കുന്നത്.

ഇവിടെ സ്ഥാപിക്കാനുള്ള പുതിയ പോൻറൂണുകൾ വൈറ്റിലയിലെ ഓപ്പറേഷൻ കൺട്രോൾ സെൻററിൽ എത്തിയിട്ടുണ്ട്. ആറ് പോൻറൂണുകളാണ് എത്തിയിരിക്കുന്നത്. നാല് എണ്ണം ഹൈക്കോർട്ട് ടെർമിനലിൽ സ്ഥാപിക്കുന്നതിനുള്ള പണികൾ ഉടൻ ആരംഭിക്കും. രണ്ടെണ്ണം വൈറ്റില ടെർമിനലിലും സ്ഥാപിക്കാനാണ് പദ്ധതി. ഇതോടെ വൈറ്റിലകാക്കനാട് റൂട്ടിലും സർവീസുകളുടെ ഇടവേള 15 മിനിട്ടായി കുറയും. നിലവിൽ 30 മിനിട്ട് ഇടവേളയിലാണ് ഇവിടുന്നു സർവീസുള്ളത്.

പുതിയ പോൻറൂണുകൾ സ്ഥാപിക്കുന്നതോടെ എറണാകുളം ടെർമിനലിലെ പോൻറൂണുകളുടെ എണ്ണം എട്ടായും വൈറ്റിലയിലെ പോൻറൂണുകളുടെ എണ്ണം മൂന്നായും വർധിക്കും. ഓരോ പോൻറൂണുകളിലും ചാർജിംഗ് സംവിധാനം ഉള്ളതിനാൽ ബോട്ടുകൾ ചാർജ് ചെയ്യാൻ എടുക്കുന്ന സമയത്തിലും കുറവുണ്ടാകും. എറണാകുളം ടെർമിനലിൽ നാല് പോൻറൂണുകളിലായി നാല് ചാർജിംഗ് പോയിൻറുകളാണുള്ളത്. നാല് ബോട്ടുകൾക്ക് മാത്രമേ നിലവിൽ ഒരേ സമയത്ത് ചാർജ് ചെയ്യാനാകൂ.

പുതിയ പോൻറൂണുകൾകൂടി വരുന്നതോടെ എട്ട് ബോട്ടുകൾക്ക് ഒരേ സമയം ചാർജ് ചെയ്യാൻ കഴിയും. സർവീസുകൾക്കിടയിലെ സമയം കുറയ്ക്കണമെങ്കിൽ കൂടുതൽ ബോട്ടുകൾ ലഭിക്കേണ്ടതുണ്ട്. നിലവിൽ 20 ബോട്ടുകളാണ് സർവീസിലുള്ളത്. മൂന്ന് ബോട്ടുകൾ കൂടി കൊച്ചിന് ഷിപ്പ്യാർഡിൽ നിർമാണത്തിലാണ്. ഇതിൽ രണ്ടെണ്ണം ഉടൻ ലഭിച്ചേക്കും. ഇതിനുപുറമെ 15 പുതിയ ഇലക്ട്രിക് ഹൈബ്രിഡ് ബോട്ടുകൾ വാങ്ങുന്നതിനുള്ള ടെൻഡറും ക്ഷണിച്ചിട്ടുണ്ട്.

അതേസമയം, രാത്രി സർവീസുകൾ ദീർഘിപ്പിക്കണമെന്ന ആവശ്യവും ശക്തമാകുന്നുണ്ട്. നിലവിൽ രാത്രി 8.55നാണ് ഫോർട്ട് കൊച്ചിയിൽ നിന്ന് അവസാന സർവീസ്.

പ്രത്യേകിച്ച് വാരാന്ത്യങ്ങളിൽ വിനോദസഞ്ചാരികളുടെ തിരക്ക് കണക്കിലെടുത്ത് കുറഞ്ഞത് രാത്രി 9.30 വരെ സർവീസ് നീട്ടണമെന്ന ആവശ്യവും യാത്രക്കാർക്കിടയിൽ ശക്തമാണ്.

## എം.ജി സർവകലാശാല

# മഹാത്മാഗാന്ധി സർവകലാശാലയിൽ പി.എച്ച്.ഡി

മഹാത്മാഗാന്ധി സർവകലാശാലയുടെ പി.എച്ച്.ഡി. പ്രോഗ്രാമിലേക്കുള്ള (2026 ജൂൺ സെഷൻ) ഓൺലൈൻ രജിസ്ട്രേഷൻ ജൂലൈ 1 ന് ആരംഭിക്കും.

55 ശതമാനം മാർക്കോടെയുള്ള ബിരുദാനന്തര ബിരുദമാണ് അടിസ്ഥാന യോഗ്യത. തത്തുല്ല്യ യോഗ്യതകൾ വ്യവസ്ഥകൾക്കനുസരിച്ച് പരിഗണിക്കും. 75 ശതമാനം

മാർക്കോടെയുള്ള നാലു വർഷ ഗവേഷണ യു.ജി. ബിരുദം പൂർത്തിയാക്കിയവർക്കും അപേക്ഷിക്കാം. വിദേശത്തുനിന്നും യോഗ്യത നേടിയവർ പഠിച്ച സ്ഥാപനം ക്യൂ.എസ്. ഗ്ലോബൽ റാങ്കിങ്ങിലോ ടൈംസ് ഹയർ എജ്യുക്കേഷൻ റാങ്കിങ്ങിലോ നിലവിൽ 1500 നുള്ളിൽ ഉള്ളതായിരിക്കണം.

അതിനു പുറമേ യു.ജി.സി അല്ലെങ്കിൽ സി.എസ്.ഐ.ആർ നെറ്റ്, KSCSTE, D-STINSPIRE, DBT, ICMR തുടങ്ങിയ മറ്റു സ്കോളർഷിപ്പുകൾ, GATE, GPAT, JEST, SLET തുടങ്ങിയ ദേശീയ തല പരീക്ഷകൾ ഏതെങ്കിലും പാസായിരിക്കണം. മഹാത്മാഗാന്ധി സർവകലാശാലയുടെ പി.എച്ച്.ഡി. ചട്ടങ്ങളിലെ (2025) എട്ടാം ഖണ്ഡികയിൽ യോഗ്യത വിശദമായി പ്രതിപാദിക്കുന്നുണ്ട്. പിഎച്ഡി അഡ്മിഷൻ നോട്ടിഫിക്കേഷനിലും നൽകിയിട്ടുണ്ട്.

35 വിഷയങ്ങളിലായാണ് ഒഴിവുകളുള്ളത്. ടൂറിസം, ഫിസിക്കൽ എജ്യുക്കേഷൻ, ഇൻറർനാഷണൽ റിലേഷൻസ് ആൻഡ് പൊളിറ്റിക്കൽ സയൻസ്, എജ്യുക്കേഷൻ, ഇസ്ലാമിക് ഹിസ്റ്ററി, ലോ, മ്യൂസിക്, ഫിസിക്സ്, ഹോം സയൻസ്, ജിയോളജി, ഇലക്ട്രോണിക്സ്, കെമിസ്ട്രി, സുവോളജി, സ്റ്റാറ്റിസ്റ്റിക്സ്, സോഷ്യോളജി, സോഷ്യൽ വർക്ക്, ഹിസ്റ്ററി, ഇക്കണോമിക്സ്, കൊമേഴ്സ്, മലയാളം, ഇംഗ്ലീഷ്, മാത്തമാറ്റിക്സ്, കമ്പ്യൂട്ടർ സയൻസ്, ബോട്ടണി, ബയോസയൻസസ്, മാനേജ്മെൻറ് സ്റ്റഡീസ്, ഹിന്ദി, സൈക്കോളജി, ഫിലോസഫി, ബിഹേവിയറൽ സയൻസ്/മെഡിസിൻ, സംസ്കൃതം, ക്ലൈമറ്റ് ചേഞ്ച് സ്റ്റഡീസ്, ഗാന്ധിയൻ സ്റ്റഡീസ്, എൻവയോൺമെൻറൽ സയൻസ് എന്നിവയിലാണ് ഒഴിവുകൾ. അറബിക് വിഷയത്തിൽ എസ്.സി./എസ്.ടി. വിഭാഗത്തിന് മാത്രമാണ് ഒഴിവുള്ളത്.

അഭിമുഖം ഉൾപ്പെടെയുള്ള നിശ്ചിത നടപടിക്രമത്തിന്റെ അടിസ്ഥാനത്തിലായിരിക്കും പ്രവേശനം. ചട്ടങ്ങളിൽ നിർദേശിച്ച വ്യവസ്ഥകൾ പാലിക്കുന്നവർക്ക് പാർട്ട് ടൈം രീതിയിലും പി.എച്ച്.ഡി. രജിസ്ട്രേഷന് അവസരമുണ്ട്.

യോഗ്യത, അപേക്ഷാ നടപടിക്രമം, ഗവേഷണ മാർഗനിർദേശകരുടെ പട്ടിക, വിഷയാടിസ്ഥാനത്തിലുള്ള ഒഴിവുകൾ എന്നിവ സംബന്ധിച്ച വിശദവിവരങ്ങൾ സർവകലാശാലയുടെ റിസർച്ച് പോർട്ടലിൽ ലഭ്യമാണ്. അപേക്ഷ സമർപ്പിക്കാനുള്ള ലിങ്ക്:researchonline.mgu.ac.in/login. അവസാന തീയതി: ജൂലൈ 31.

## ഓൺലൈൻ കോഴ്സുകൾ: പ്രവേശനം ആരംഭിച്ചു

മഹാത്മാഗാന്ധി സർവകലാശാലയുടെ സെൻറർ ഫോർ ഡിസ്റ്റൻസ് ആൻറ് ഓൺലൈൻ എജ്യുക്കേഷൻ നടത്തുന്ന വിവിധ ഓൺലൈൻ ബിരുദ, ബിരുദാനന്തര പ്രോഗ്രാമുകളുടെ 2026 ജൂലൈ സെഷൻ പ്രവേശനം ആരംഭിച്ചു. യു.ജി.സി അംഗീകാരമുള്ള ഈ കോഴ്സുകൾ റഗുലർ ഡിഗ്രിക്ക് തുല്യമാണ്. ക്ലാസുകളും പരീക്ഷകളും പൂർണ്ണമായും ഓൺലൈൻ ആയതിനാൽ വിദ്യാർത്ഥികൾ സർവ്വകലാശാലയിൽ നേരിട്ട് എത്തേണ്ടതില്ല. ജോലിയുള്ളവർക്കും വിദേശത്തുള്ളവർക്കും പ്രായഭേദമന്യേ അപേക്ഷിക്കാം.

എം.ബി.എ, എം.കോം, എം.എ (ഇംഗ്ലീഷ്, ഇക്കണോമിക്സ്), ബി.കോം, ബി.ബി.എ, ബി.എ (പൊളിറ്റിക്കൽ സയൻസ്) എന്നിവയാണ് കോഴ്സുകൾ. വിദ്യാർത്ഥികൾ, വനിതകൾ, ഭിന്നശേഷിക്കാർ,EWS, SC/ST വിഭാഗങ്ങളിൽപ്പെട്ടവർക്ക് മാനദണ്ഡങ്ങൾക്കനുസരിച്ച് 10% മുതൽ 40% വരെ ഫീസ് ഇളവുകൾ ലഭ്യമാണ്.വിശദവിവരങ്ങൾക്ക് www.cdoe.mgu.ac.in ഫോൺ: 0481 2731010, 8547852326, 9188918256, 9188918258.

## പരീക്ഷയക്ക് അപേക്ഷിക്കാം

അഫിലിയേറ്റഡ് കോളേജുകളിലെ ഒമ്പതാം സെമസ്റ്റർ പഞ്ചവത്സര ഇൻറഗ്രേറ്റഡ് ബിഎ, ബിബിഎ, ബികോം എൽഎൽബി (ഓണേഴ്സ്) പ്രോഗ്രാമുകൾ (2021 അഡ്മിഷൻ തോറ്റവർക്കായുള്ള സ്പെഷ്യൽ റീ അപ്പിയറൻസ്) പരീക്ഷകൾക്ക് ജൂലൈ 1 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ജൂലൈ 2 വരെയും സൂപ്പർ ഫൈനോടുകൂടി ജൂലൈ 3 വരെയും അപേക്ഷ സ്വീകരിക്കും.

# റബർ തോട്ടത്തിലെ വളപ്രയോഗ രീതികൾ



മണ്ണിൽ ചേർക്കുന്ന വളങ്ങളുടെ യഥാർഥ കഴിവ് സസ്യങ്ങൾക്ക് പ്രയോജനപ്പെടണമെങ്കിൽ അതു സസ്യങ്ങൾക്കു ചേർത്തുകൊടുക്കുന്ന രീതിയെ ആശ്രയിച്ചിരിക്കും. മണ്ണിൽ വളം ചേർക്കുമ്പോൾ മണ്ണിൽ വേണ്ടത്ര ഈർപ്പം ഉണ്ടായിരിക്കണം. മഴയുള്ള സമയത്തോ മഴ വരാൻ സാധ്യതയുള്ളപ്പോഴോ മണ്ണിൽ വളം ചേർത്തു കൊടുക്കരുത്.വളമിട്ടതിനുശേഷം ഏകദേശം എട്ടു മണിക്കൂർ നേരമെങ്കിലും മഴ പെയ്തിറങ്ങാതിരിക്കുന്നതാണു നല്ലത്.

രണ്ടു തരത്തിലാണ് റബർ തോട്ടത്തിൽ കർഷകർക്കു വളം ചെയ്യാൻ സാധിക്കുക.

1. തോട്ടത്തിൽ ആവശ്യമുള്ള വളം വിതറിയിട്ടു കൊടുക്കുന്ന രീതി. 2. മണ്ണിൽ ചെറു ഖണ്ഡങ്ങളിലായി വളം നിക്ഷേപിക്കുന്ന രീതി.

മണ്ണിൽ ആവശ്യമായ വളം നല്ലപോലെ കൂട്ടിച്ചേർത്തിട്ടാണ് മരങ്ങൾക്കു നൽകേണ്ടത്. അല്ലെങ്കിൽ ആവശ്യമുള്ള അളവ് സസ്യങ്ങൾക്കു ലഭിക്കുകയില്ല.

വിതറിയിടുന്ന രീതി അത്ര വിജയപ്രദമായിരിക്കുകയില്ല. യൂറിയപോലുള്ള വളങ്ങൾ മണ്ണിൽനിന്നു വെയിലേറ്റു നഷ്ടപ്പെട്ടുപോകാൻ സാധ്യതയുണ്ട്.

മാത്രമല്ല ഈ രീതി എല്ലാ മരത്തിനും ഒരേപോലെ അളവിൽ വളങ്ങൾ ലഭ്യമാകുന്നതിനു തടസമാവുകയും ചെയ്യും. രണ്ടാമത്തെ രീതിയാണ് കർഷകർക്ക് അനുയോജ്യമായ രീതി.

ചെറിയ മരങ്ങൾക്കു വളംചെയ്യുന്നത് അതിൻറെ ചുറ്റിലും വീതി കൂടിവരുന്ന വലയങ്ങളിലായിട്ടാണ്. തൈ നട്ട് മൂന്നാംമാസം ആദ്യത്തെ വളപ്രയോഗം നടത്താം. ഒന്നാമത്തെ വർഷം തൈ ചുവട്ടിൽനിന്ന് ഏഴു സെൻറിമീറ്റർ മാറ്റി 30 സെ.മി. വീതിയുള്ള വലയങ്ങളിലാണ്.

രണ്ടാം വർഷം 30 സെൻറിമീറ്റർ ചുവട്ടിൽനിന്ന് മാറ്റി 45 സെൻറിമീറ്റർ വീതിയുള്ള വലയങ്ങളിൽ വളം ചേർത്തുകൊടുക്കേണ്ടതാണ്. 60 സെൻറിമീറ്റർ മുതൽ 90 സെൻറിമീറ്റർ വരെയുള്ള വൃത്ത വലയങ്ങളിലാണ് വളം നിക്ഷേപിക്കേണ്ടത്.

അഞ്ചാം വർഷം മുതൽ ടാപ്പ് ചെയ്യുന്ന മരങ്ങൾ ഉൾപ്പെടെ ചെറുഖണ്ഡങ്ങളിലാണ് വളം നിക്ഷേപിക്കേണ്ടത്.

ചെരിവുള്ള തോട്ടങ്ങളിൽ രണ്ടു മരങ്ങൾക്കിടയിലുള്ള ചെറുഖണ്ഡങ്ങളിലും നിരപ്പുള്ള തോട്ടങ്ങളിൽ നാലു മരത്തിനിടയിലുള്ള ചെറുഖണ്ഡങ്ങളിലുമായാണ് വളം ചെയ്യേണ്ടത്.

വൃത്ത വലയങ്ങളിലോ ചെറുഖണ്ഡങ്ങളിലോ വളം ചേർത്ത് പണിയായുധംകൊണ്ട് മണ്ണുമായി വളം ഇളക്കിച്ചേർത്തു കൊടുക്കേണ്ടത് ആവശ്യമാണ്.

അല്ലെങ്കിൽ വളത്തിൽനിന്നും മണ്ണിൽനിന്നും പോഷകമൂലകങ്ങൾ ആവിയായി നഷ്ടപ്പെടാൻ സാധ്യതയുണ്ട്.

# നിസാരക്കാരനല്ല പുളിമരം

ഇന്ത്യയിൽ വന്യമായി വളരുന്ന വൻവൃക്ഷമാണ് പുളിമരം. പുളി നമ്മുടെ ഭക്ഷണ പദാർഥങ്ങളിൽ രുചിക്കുവേണ്ടി പ്രധാനമായും ചേർത്ത് ഉപയോഗിക്കുന്നു. പുളിയിൽ ജീവികം സി ധാരാളമായി അടങ്ങിയിരിക്കുന്നു.അതുകൊണ്ടുതന്നെ ജീവകം സിയുടെ അഭാവത്താൽ ഉണ്ടാകുന്ന രോഗങ്ങൾ നമ്മുടെയിടയിൽ കുറവുള്ളതിനു കാരണം ആഹാരത്തിലൂടെയുള്ള പുളിയുടെ ഉപയോഗമാണെന്നു കരുതപ്പെടുന്നു. പഴക്കംചെന്ന പുളിയാണ് നല്ലത്. ഇതു കരൾ, ആമാശയം എന്നിവയുടെ പ്രവർത്തനക്ഷമത വർധിപ്പിക്കുന്നു.

പുളിയുടെ ഇല, പൂവ്, ഫലമജ്ജ, ഫലം, വിത്ത്, തോല് എന്നിവ ഔഷധയോഗ്യങ്ങളാണ്. പല പേരുകൾ: ചിഞ്ചാ, അമ്ലികാ, തിന്തിഢാ എന്നിങ്ങനെ സംസ്കൃതത്തിലും ടമരിൻ ട്രീ എന്ന് ഇംഗ്ലീഷിലും പുളിക്കു പേരുകളുണ്ട്.

സിസാൽപിനിയേസി സസ്യകുടുംബത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പുളിമരത്തിന്റെ ശാസ്ത്രനാമം ടമറിഡസ് ഇൻഡിക്ക എന്നാണ്.

രസാദിഗുണങ്ങൾ: അമ്ലരസവും ഗുരുരൂക്ഷഗുണവും ഉഷ്ണവീര്യവും വിപാകത്തിൽ അമ്ലം എന്നിങ്ങനെയാണ്. ആയുർവേദ വിധിപ്രകാരം പുളിമരത്തിന്റെ രസാദിഗുണങ്ങൾ.

രാസഘടകങ്ങൾ: പുളിമരത്തിന്റെ ഫലത്തിൽ ടാർടാറിക് അമ്ലം, സിട്രിക് അമ്ലം, മാലിക് അമ്ലം, അസെറ്റിക് അമ്ലം, പൊട്ടാസ്യം, പഞ്ചസാര, പെക്റ്റിൻ, ആൽബുമിനോയ്ഡ്, കൊഴുപ്പ്, അന്നം എന്നീ രാസഘടകങ്ങൾ അടങ്ങിയിരിക്കുന്നു.

പുളി വാതം ശമിപ്പിക്കുന്നു. ദാഹത്തെ ശമിപ്പിക്കുന്നു. വൃണം ഉണങ്ങുന്നതിനും ശബ്ദം തെളിയുന്നതിനും നന്ന്. മദ്യലഹരി ശമിപ്പിക്കുന്നതിനും വായുക്ഷോഭം, മലബന്ധം എന്നിവ അകറ്റാനും വിരേചനം, നീര്, വേദന, ക്ഷീണം എന്നിവ ശമിപ്പിക്കാനും



അതിസാരം, പ്രമേഹം, മൂത്രച്ചൂട്, ചെങ്കണ്ണ്, തേൾവിഷം എന്നിവ ഭേദമാക്കാനും വാളമ്പുളി അത്യുത്തമം.

ഔഷധപ്രയോഗങ്ങൾ

ശരീരക്ഷീണവും വേദനയും മാറുന്നതിന് പുളിയില ഇട്ട് വെന്ത വെള്ളത്തിൽ കുളിക്കുക. തൊണ്ട ശുദ്ധമാവുകയും ശബ്ദം തെളിയുകയും ചെയ്യാൻ: പഴമ്പുളി ചൂർണമാക്കി തേൻ ചേർത്ത് ദിവസവും ആറു ഗ്രാം വരെ പതിവായി രണ്ടുനേരം കഴിക്കുക.

വൃണം ഉണങ്ങാൻ: പുളിയിലയും സമം കറിവേപ്പിലയും ചേർത്തു തിളപ്പിച്ച് ആ വെള്ളത്തിൽ വൃണം കഴുകുക. പഴമ്പുളി കരളിന്റെയും ആമാശയത്തിന്റെയും പ്രവർത്തനം വർധിപ്പിക്കും.

മസൂരിക്ക് ശമനം കിട്ടാൻ: ആറ് ഗ്രാം പുളിയില അരച്ച് ഒരു ഗ്ലാസ് വെള്ളത്തിൽ കലക്കി പതിവായി ആറുദിവസം മൂന്നുനേരം പുളി അധികം കഴിച്ചാൽ വെള്ളപ്പാണ്ടു രോഗം അധികരിക്കും. മദ്യലഹരി ശമിക്കാൻ പുളിവെള്ളം കുടിക്കുക.

വായുക്ഷോഭം മാറാൻ: പുളിവെള്ളത്തിൽ തിളപ്പിച്ച് അതിൽ പഞ്ചസാര ചേർത്തു കഴിക്കുക.

പനിയുള്ളവർക്ക് മലബന്ധം പിടിപെട്ടാൽ: ഒരു ഔൺസ് പുളി അത്രതന്നെ ഈന്തപ്പഴം എന്നിവ പാലിൽ തിളപ്പിച്ച് അരിച്ച് ഏലത്തരി, ഗ്രാമ്പൂ, കർപ്പൂരം എന്നിവ ചേർത്തു കഴിക്കുക.

പ്രമേഹശമനത്തിന്: പുളിന്തോട് ചുട്ട് ഭസ്മമാക്കി ഒരു ടീസ്പൂൺ വെള്ളത്തിൽ കലക്കി കുടിക്കുക.

തേൾവിഷത്തിന്: പുളി, ചുണ്ണാമ്പ് എന്നിവ അരച്ച് വിഷമുള്ള ഭാഗത്ത് ഇടുക. ഫലപ്രദമായ ഒരു ഔഷധപ്രയോഗമാണിത്.

നീരിനും വേദനയ്ക്കും ആശ്വാസം കിട്ടാൻ: പുളിയും പുളിയിലയും പച്ചവെള്ളത്തിൽ അരച്ച് പുറമേ പുരട്ടുക. മഹോദരം, പ്രമേഹം എന്നിവയുടെ ശമനത്തിന്: പുളിയുടെ തോട് ചുട്ട് ഭസ്മമാക്കി ഒരു ടീസ്പൂൺ തിളപ്പിച്ച വെള്ളത്തിൽ കലക്കി കഴിക്കുക. അതിസാരം ശമിക്കാൻ: പുളിങ്കുരുവിന്റെ തോട് (ചുവപ്പുനിറത്തിലുള്ള പുറന്തൊലി) അതിനൊപ്പം (സമം) ജീരകവും പഞ്ചസാരയും ചേർത്തു പൊടിച്ച് ഒരു ടീസ്പൂൺ വീതം കഴിക്കുക.

മൂത്രച്ചൂട് മാറ്റാൻ: പുളിയില ഇടിച്ചുപിഴിഞ്ഞ നീര് കുടിക്കുക. നേത്രരോഗങ്ങൾ (ചെങ്കണ്ണ്) ശമിക്കാൻ: പുളിയിലയും പൂവും ഇട്ടു തിളപ്പിച്ച വെള്ളംകൊണ്ട് കണ്ണിൽ ധാര കോരുക.

അതിസാരം ഭേദമാകാൻ: പുളിയില ഇടിച്ചുപിഴിഞ്ഞ നീരിൽ പഴുപ്പിച്ച ഇരുമ്പുകഷണമിട്ട് ചൂടാക്കിയശേഷം കഴിക്കുക.

## ഹ്രസ്വകാല സാമ്പത്തിക ബാധ്യതകൾ മുൻനിർത്തി 10 വർഷത്തെ ലൈഫ് കവറുമായി ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ്

**കൊച്ചി:** ഭവന വായ്പ, ബിസിനസ്സ് വായ്പ, കുട്ടികളുടെ വിദ്യാഭ്യാസം തുടങ്ങി കൃത്യമായ സാമ്പത്തിക ലക്ഷ്യങ്ങളുള്ള ഉപഭോക്താക്കൾക്കായി ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് പുതിയ 10 വർഷത്തെ ലൈഫ് കവർ അവതരിപ്പിച്ചു. ഐസിഐസിഐ പ്രു ഐ പ്രൊട്ടക്റ്റ് സ്മാർട്ട് പ്ലസ് എന്ന പേരിലാണ് പുതിയ പോളിസി പുറത്തിറക്കിയിരിക്കുന്നത്.

നിർദ്ദിഷ്ട കാലാവധിയുള്ള ബിസിനസ്സ് വായ്പകളെടുക്കുന്ന സ്വയം തൊഴിൽ ചെയ്യുന്നവർക്കും, ഭവന വായ്പ എടുത്തിട്ടുള്ളവർക്കും, കുട്ടികളുടെ വിദ്യാഭ്യാസത്തിനായി പണം കണ്ടെത്താൻ ആസൂത്രണം ചെയ്യുന്ന മാതാപിതാക്കൾക്കും ഈ പോളിസി ഏറെ പ്രയോജനകരമാണ്. 10 വർഷത്തെ പോളിസി കാലാവധിയിലുടനീളം ലൈഫ് കവർ തുകയിൽ യാതൊരു മാറ്റവുമില്ലാതെ സ്ഥിരമായി തുടരും എന്നതാണ് ഇതിന്റെ ഏറ്റവും വലിയ പ്രത്യേകത. വായ്പാ ബാധ്യതകൾ തീർക്കാനും മറ്റ് ഭാവി ആവശ്യങ്ങൾ നിറവേറ്റാനും കുടുംബങ്ങൾക്ക് ഈ മുഴുവൻ തുകയും ലഭ്യമാകുമെന്ന് ഉറപ്പാക്കുന്നു.

## 99.82 ശതമാനം നേട്ടത്തോടെ ഏജീസ് ഫെഡറൽ ലൈഫ് ഇൻഷുറൻസ് ഒന്നാം സ്ഥാനത്ത്

**കൊച്ചി:** 2025–26 സാമ്പത്തിക വർഷത്തെ ഏറ്റവും പുതിയ കണക്കുകളനുസരിച്ച് വ്യക്തിഗത ക്ലെയിം സെറ്റിൽമെന്റ് അനുപാതത്തിൽ 99.82 ശതമാനം നേട്ടത്തോടെ ഏജീസ് ഫെഡറൽ ലൈഫ് ഇൻഷുറൻസ് ഈ മേഖലയിൽ ഒന്നാം സ്ഥാനത്തെത്തി. ഗ്രൂപ്പ് ക്ലെയിംസ് വിഭാഗത്തിലും മികച്ച പ്രകടനം കാഴ്ചവെച്ച കമ്പനി 99.96 ശതമാനം ക്ലെയിം സെറ്റിൽമെന്റ് റേഷ്യോയോടെ മൂന്നാം സ്ഥാനത്തുണ്ട്.

ഉപഭോക്തൃ കേന്ദ്രീകൃതവും, സുതാര്യവും, ലളിതവും, വിശ്വസനീയവുമായ ഇൻഷുറൻസ് സേവനങ്ങൾ നൽകാനുള്ള കമ്പനിയുടെ നിരന്തരമായ ശ്രമങ്ങളുടെ ഫലമായാണ് ഈ സുപ്രധാന നാഴികക്കല്ല് കൈവരിക്കാനായതെന്ന് കമ്പനി അറിയിച്ചു. കഴിഞ്ഞ ഒരു വർഷമായി ഉപഭോക്താക്കളുടെ ആവശ്യങ്ങൾ കൂടുതൽ വേഗത്തിൽ മനസ്സിലാക്കാനും ക്ലെയിം നടപടികൾ എളുപ്പമാക്കാനും കമ്പനി വിപുലമായ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്.

ആവശ്യമായ രേഖകൾ പൂർണ്ണമായി സമർപ്പിച്ച് 30 ദിവസത്തിനകം യോഗ്യതയുള്ള 96.11 ശതമാനം ക്ലെയിമുകളും കമ്പനി വിജയകരമായി തീർപ്പാക്കിയിട്ടുണ്ട്. ആകെ ലഭിച്ച ക്ലെയിമുകളിൽ 75 ശതമാനവും വെറും 7 ദിവസത്തിനുള്ളിൽ തന്നെ ഉപഭോക്താക്കൾക്ക് നൽകാൻ കമ്പനിക്ക് സാധിച്ചു.

## ഹരിത നിക്ഷേപ സമാഹരണത്തിൽ പിഎൻബിക്ക് 54.69% വളർച്ച

**ന്യൂദൽഹി:** പൊതുമേഖലാ ബാങ്കായ പഞ്ചാബ് നാഷണൽ ബാങ്ക് (പിഎൻബി) 202526 സാമ്പത്തിക വർഷത്തിൽ ഹരിത നിക്ഷേപ (ഗ്രീൻ ഡെപ്പോസിറ്റ്) സമാഹരണത്തിൽ 54.69% വളർച്ച കൈവരിച്ചു. 202425 സാമ്പത്തിക വർഷത്തിൽ സമാഹരിച്ച 394.31 കോടി രൂപയിൽ നിന്ന് 202526ൽ ഇത് 609.96 കോടി രൂപയായി ഉയർന്നതായി ബാങ്കിന്റെ 202526 വാർഷിക റിപ്പോർട്ടിൽ വ്യക്തമാക്കുന്നു.

ഹരിത നിക്ഷേപങ്ങളിലൂടെ സമാഹരിച്ച തുകയുടെ ഭൂരിഭാഗവും പുനരുപയോഗ ഊർജ്ജ പദ്ധതികൾക്കും ശുദ്ധ ഗതാഗത പദ്ധതികൾക്കുമാണ് വിനിയോഗിച്ചത്. പരിസ്ഥിതി സൗഹൃദ വികസനത്തിനും ഇന്ത്യയുടെ കാലാവസ്ഥാ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുമുള്ള ബാങ്കിന്റെ പ്രതിബദ്ധതയാണ് ഇതിലൂടെ പ്രതിഫലിക്കുന്നതെന്ന് റിപ്പോർട്ടിൽ പറയുന്നു.

ഹരിത നിക്ഷേപ പദ്ധതിയോടുള്ള ഉപഭോക്താക്കളുടെ വർധിച്ചുവരുന്ന വിശ്വാസവും ഉത്തരവാദിത്തമുള്ള നിക്ഷേപങ്ങളോടുള്ള താൽപര്യവുമാണ് ഈ വളർച്ചയ്ക്ക് കാരണമായതെന്ന് ബാങ്ക് വിലയിരുത്തി. പരിസ്ഥിതിക്ക് ഗുണകരമായ പദ്ധതികളിലേക്കാണ് ഈ നിക്ഷേപങ്ങൾ തുടർന്നും വിനിയോഗിക്കുകയെന്നും ഇന്ത്യയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ ഹരിത ധനസഹായ പോർട്ട്ഫോളിയോ കൂടുതൽ ശക്തിപ്പെടുത്താൻ ബാങ്ക് പ്രതിജ്ഞാബദ്ധമാണെന്നും പിഎൻബി അറിയിച്ചു.




## എഫ് സി ആർ എ നിയമം; ചർച്ചകൾ തുടരുമെന്ന് കെ എം എ ലീഡർ ഇൻസൈറ്റ്

**കൊച്ചി:** കേരള മാനേജ്മെന്റ് അസോസിയേഷൻ ലീഡർഇൻസൈറ്റ് സീരിസ് സെക്കന്റ് എഡിഷനിൽ സുപ്രിം കോടതി അഡ്വക്കറ്റ് ഓൺ റെക്കോർഡ് അഡ്വ. ഡോ. ജോസ് എബ്രഹാം സംസാരിച്ചു. എഫ് സി ആർ എ 2026: കോർപറേറ്റുകൾക്കം എൻ ജി ഒകൾക്കും പുതിയ വ്യവസ്ഥകൾ എന്ന വിഷയത്തിലായിരുന്നു ലീഡർ ഇൻസൈറ്റ്.

വിദേശ സംഭാവന നിയന്ത്രണ ഭേദഗതി ബിൽ 2026 പ്രകാരം ചില വ്യവസ്ഥകൾ വളരെ കടുത്തതാണെന്നും ബിൽ പാർലമെന്റിൽ അവതരിപ്പിച്ചിട്ടുണ്ടെങ്കിലും നിലവിൽ പാസായിട്ടില്ലെന്നും അഡ്വ. ഡോ. ജോസ് എബ്രഹാം ചൂണ്ടിക്കാട്ടി. എന്നാൽ അടുത്ത പാർലമെന്റ് സമ്മേളനത്തിൽ ബിൽ വീണ്ടും അവതരിപ്പിക്കപ്പെടുമെന്ന് പറയുന്നുണ്ടെന്നും അദ്ദേഹം വിശദമാക്കി. അതുകൊണ്ടുതന്നെ എഫ് സി ആർ എ നിയമവും അതിലെ ഭേദഗതികളും സംബന്ധിച്ച ചർച്ചകൾ ഇനിയും തുടരുമെന്ന് വ്യക്തമാണെന്നും അദ്ദേഹം പറഞ്ഞു. നേരത്തെ എഫ് സി ആർ എ രജിസ്ട്രേഷന് ആജീവനാന്ത കാലാവധി ലഭിച്ചിരുന്നുവെങ്കിൽ 2010ലെ നിയമഭേദഗതിക്കു ശേഷം സർട്ടിഫിക്കറ്റിന്റെ കാലാവധി അഞ്ച് വർഷമായി നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. മതപരം, സാംസ്ക്കാരിക, സാമ്പത്തികം, വിദ്യാഭ്യാസം, സാമൂഹികം എന്നീ അഞ്ച് മേഖലകളിലും അവയ്ക്ക് കീഴിലെ 105 ഉപവിഭാഗങ്ങളിലും മാത്രമാണ് എഫ് സി ആർ എ ലൈസൻസ് ലഭിക്കുകയുള്ളൂവെന്നും അദ്ദേഹം പറഞ്ഞു. കെ എം എ പ്രസിഡന്റ് അൽജിയേഴ്സ് ഖാലിദ് അധ്യക്ഷത വഹിച്ചു. പ്രോഗ്രാം കമ്മിറ്റി ചെയർ ഡോ. അനിൽ ജോസഫ് സ്വാഗതവും ഹോണററി ജോയിന്റ് സെക്രട്ടറി രമേഷ് നായർ നന്ദിയും പറഞ്ഞു.

## റിട്ടയർമെന്റ് പ്ലാനിങ്ങ് സാമ്പത്തിക മുൻഗണനയാക്കണം ആക്സിസ് മാക്സ് ലൈഫ് ഇൻവ്വറൻസ്

**കൊച്ചി:** രാജ്യത്തിന്റെ റിട്ടയർമെന്റ് റെഡിനസ് സ്കോർ 100ൽ വെറും 48 മാത്രമാണെന്ന് ആക്സിസ് മാക്സ് ലൈഫ് ഇന്ത്യ റിട്ടയർമെന്റ് ഇൻഡക്സ് സ്റ്റഡി (ഐറിസ് 5.0) ചൂണ്ടിക്കാണിക്കുന്നു.

അതായത് വിരമിക്കലിനുള്ള സാമ്പത്തിക തയ്യാറെടുപ്പിൽ ഇന്ത്യക്കാർ ഇപ്പോഴും വളരെ പിന്നിലാണ് എന്നർത്ഥം. വർധക്യത്തോടടുക്കുമ്പോൾ പലർക്കും സാമ്പത്തികമായ അസ്ഥിരത വർദ്ധിക്കുന്നു. ഇതിനെ മറികടക്കാൻ സാമ്പത്തിക ശ്രദ്ധ വെറും ഹ്രസ്വകാല ആസ്തി ശേഖരണത്തിൽ നിന്ന് മാറി ഉറപ്പായ ദീർഘകാല സാമ്പത്തിക സുരക്ഷ ഉറപ്പാക്കേണ്ട സാഹചര്യമാണ് വേണ്ടത്.

എന്നാൽ നിലവിൽ, നഗരപ്രദേശങ്ങളിലെ 24% പേരും തങ്ങളുടെ സുവർണ്ണ വർഷങ്ങളിൽ സമ്പാദ്യത്തിൽ ഒട്ടും പുരോഗതി കൈവരിച്ചിട്ടില്ലെന്ന് പഠനം പറയുന്നു. സമ്പാദ്യം ആരംഭിക്കാൻ 4050 വയസ് വരെ കാത്തിരിക്കുന്നത് ഓപ്ഷനുകൾ ഗണ്യമായി ചുരുക്കുന്നുവെന്ന് ആക്സിസ് മാക്സ് ലൈഫ് ഇൻഷുറൻസ് ലിമിറ്റഡിന്റെ ചീഫ് ബിസിനസ് ഓഫീസർ അനുരാഗ് ഗുപ്ത പറയുന്നു.

ഈ വെല്ലുവിളി നേരിടാൻ നേരത്തെയുള്ള ആസൂത്രണവും ശരിയായ നിക്ഷേപ രീതികളും അനിവാര്യമാണ്. മ്യൂചൽ ഫണ്ടുകൾ, എസ്ഐപികൾ, നാഷണൽ പെൻഷൻ സിസ്റ്റം തുടങ്ങിയവ ദീർഘകാലത്തേക്ക് സമ്പത്ത് സൃഷ്ടിക്കാൻ സഹായിക്കുന്നു. അതോടൊപ്പം ആന്വിറ്റികളും പെൻഷൻ പദ്ധതികളും സമ്പാദ്യത്തെ സ്ഥിര വരുമാനമാക്കി മാറ്റി വിരമിക്കലിന് ശേഷമുള്ള സാമ്പത്തിക സുരക്ഷ ഉറപ്പാക്കുന്നു.

## അഖിലേന്ത്യാ പ്രവേശന പരീക്ഷയിൽ ആറാം റാങ്ക് നേടിയ ആദിത്യ സുജിത്തിനെ ആദരിച്ചു

**തൃശൂർ:** നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ അഖിലേന്ത്യാ പ്രവേശന പരീക്ഷയിൽ ആറാം റാങ്ക് നേടി അഹമ്മദാബാദ് NIDയിൽ പ്രവേശനം നേടിയ അയ്യന്തോൾ ഡിവിഷനിലെ ഉദയനഗർ സ്വദേശിയും സുജിത്തിന്റെയും ശ്രീകല സുജിത്തിന്റെയും മകനുമായ ആദിത്യ സുജിത്തിനെ ആദരിച്ചു.

അനുമോദന സമ്മേളനം ദിനേഷ് കുമാർ കരിപ്പേരിൽ ഉദ്ഘാടനം ചെയ്തു. ദേശീയതലത്തിൽ മികച്ച നേട്ടം കൈവരിച്ച ആദിത്യയുടെ വിജയം വിദ്യാർഥികൾക്ക് പ്രചോദനമാണെന്നും, കഠിനാധ്വാനത്തിന്റെയും ആത്മവിശ്വാസത്തിന്റെയും മികച്ച മാതൃകയാണിതെന്നും അദ്ദേഹം പറഞ്ഞു.

ചടങ്ങിൽ പി. രാമകൃഷ്ണൻ, രാജേന്ദ്രൻ കെ., സുരേഷ് പുതുർ, അച്ചുതൻ പിഷാരടി, വസുദേവൻ തിരുമേനി എന്നിവർ ആശംസകൾ നേർന്ന് സംസാരിച്ചു.

# സുഗന്ധവ്യഞ്ജനങ്ങൾക്ക് ഡിമാൻഡ് ഉയരുന്നു

**കൊച്ചി:** യൂറോപ്യൻ രാജ്യങ്ങൾ കുരുമുളകിനായി രാജ്യാന്തര വിപണിയിൽ, ഉത്സവ കാല ഡിമാൻഡ് ഇന്ത്യൻ മാർക്കറ്റിനെ സജീവമാക്കി. ചുക്ക് വിപണിയും ചൂടുപിടിച്ചു. ജപ്പാൻ ഒസാക്കയിൽ റബർ സെല്ലിംഗ് മൂഡിലേക്ക്, 400 യെന്നിലെ താങ്ങ് നിർണായകം. ഉയർന്ന വിലയിൽ പിടിച്ചു നിൽക്കാനാവാതെ തമിഴ്നാട്ടിൽ വെളിച്ചെണ്ണ വഴുതി, കൊച്ചി മാർക്കറ്റ് മൂന്നാംവാരത്തിലും സ്റ്റെഡി.

മധ്യപൂർവേഷ്യൻ സംഘർഷാവസ്ഥയ്ക്ക് അയവ് വന്നതോടെ കപ്പൽ മാർഗമുള്ള ചരക്കുനീക്കം സുഗമമായത് യു എസ്യൂറോപ്യൻ രാജ്യങ്ങളെ ഭക്ഷ്യ ഉത്പന്നങ്ങളുടെ ഇറക്കുമതി ഊർജിതമാക്കാൻ പ്രേരിപ്പിച്ചു. വിലക്കയറ്റം പിടിച്ചുനിർത്താൻ ഇറക്കുമതി അനിവാര്യമായതിനാൽ അവർ സുഗന്ധവ്യഞ്ജനങ്ങളിൽ പിടിമുറുക്കാം. അന്താരാഷ്ട്ര വ്യാപാര രംഗം നാലു മാസത്തെ ഇടവേളയ്ക്ക് ശേഷം വീണ്ടും സജീവമാകുന്നു.

ഉത്തരേന്ത്യയിലെ വൻകിട കറിമസാല വ്യവസായികൾ മുളക് സംഭരണത്തിനു തിരക്കിട്ട നീക്കത്തിലാണ്. പിന്നിട്ട ആഴ്ചകളിലെന്ന പോലെ കഴിഞ്ഞ ദിവസങ്ങളിലും ടെർമിനൽ വിപണിയിൽ ചരക്ക് വരവ് നാമമാത്രമാണ്. വിലക്കയറ്റം മുന്നിൽക്കണ്ട് ഇറക്കുമതി ലോബിയും ചരക്ക് എത്തിക്കാൻ ഉത്സാഹിക്കുന്നുണ്ട്.

മുന്നിലുള്ള മൂന്നു മാസം ബംപർ വില്പനയാണ് അവരും സ്വപ്നം കാണുന്നത്. മധ്യവർത്തികളും വൻകിട കർഷകരും വില്പന നിയന്ത്രിച്ചതോടെ കൊച്ചിയിൽ അൺഗാർബിൾഡ് കുരുമുളക് 69,200 രൂപയിൽ നിന്നും 70,400 രൂപയായി. രാജ്യാന്തര വിപണിയിൽ മലബാർ മുളക് വില ടണ്ണിന് 7800 ഡോളർ.

മഴമേഘങ്ങളുടെ വരവിനിടയിൽ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നും ചുക്കിനു പുതിയ ആവശ്യക്കാരെത്തി. മഴയുടെ വരവ് വൈകിയതിനാൽ ചുക്ക് സംഭരണത്തിന് ഉത്സാഹം കാണിക്കാതെ അകന്നുമാറിയ വാങ്ങലുകാർ സാവധാനം വിപണികളിലേക്ക് അടുക്കുന്നുണ്ട്.

മാസങ്ങളായി നിർജീവാവസ്ഥയിൽ നീങ്ങിയ ചുക്ക് വിലയിൽ പിന്നിട്ട വാരം കുതിച്ചുചാട്ടം ദൃശ്യമായി. കൊച്ചിയിൽ മീഡിയം ചുക്ക് 28,000 രൂപയിൽ നിന്നും 32,500ലേക്ക് ഉയർന്നപ്പോൾ ബെസ്റ്റ് ചുക്ക് വില 30,000 രൂപയിൽ നിന്നും 35,000 രൂപയായി.

ഒസാക്കയിൽ റബർ വീണ്ടും ചാഞ്ചാടിയതോടെ ഒരു വിഭാഗം നിക്ഷേപകർ ബാധ്യതകൾ വിറ്റുമാറി. ഫെബ്രുവരി അവസാനം 356 യെന്നിൽ ഉടലെടുത്ത ബുൾ റാലിയിൽ റബർ 15 വർഷങ്ങളിലെ ഏറ്റവും ഉയർന്ന നിരക്കായ കിലോ 448 യെൻ വരെ ഉയർന്ന ശേഷമാണു തിരുത്തലിലേക്ക് ചുവടു മാറ്റുന്നത്. നാലു മാസമായി ബുള്ളിഷ് മനോഭാവത്തിൽ നീങ്ങിയ ലോംഗ് ടേം ചാർട്ടിൽ മാറ്റങ്ങൾ കണ്ടുതുടങ്ങി. വിപണി ഓവർ ബോട്ടായതോടെ ഉടലെടുത്ത ലാഭമെടുപ്പ്, വില്പന സമ്മർദത്തിലേക്ക് വഴുതാം.

പിന്നിട്ടവാരം കിലോ 440 യെന്നിൽ ഇടപാടുകൾ തുടങ്ങിയ റബർ 409 യെന്നിലേക്ക് ഇടിഞ്ഞ ശേഷം ക്ലോസിംഗിൽ 413 യെന്നിലാണ്. നിലവിലെ ചലനങ്ങൾ വിലയിരുത്തിയാൽ ജൂലൈയിൽ റബർ 360 യെന്നിലേക്ക് മുഖം തിരിക്കാം.

അവധി വിപണിയിലെ വില തകർച്ചയ്ക്ക് ഇടയിൽ തായ്ലൻഡിൽ ഉത്പന്നം വില കിലോ 298 രൂപയിൽ നിന്നും 288ലേക്ക് ഇടിഞ്ഞു. വിദേശത്തെ തളർച്ച കണ്ട് ഇന്ത്യൻ ടയർ നിർമാതാക്കൾ ആഭ്യന്തര ഷീറ്റ് വില കുറച്ചു. നാലാം ഗ്രേഡ് കിലോ 272 രൂപയിൽ നിന്നും 266ലേക്ക് താഴ്ന്നു. വാരാന്ത്യം സംസ്ഥാനത്ത് മഴ സജീവമായ സാഹചര്യത്തിൽ റെയിൻ ഗാർഡ് ഇട്ട തോട്ടങ്ങളിൽ ടാപ്പിംഗ് വരും ദിനങ്ങളിൽ ഊർജിതമാകും.

കയറ്റുമതി ഓർഡറുകളിൽ പ്രതീക്ഷ നിലനിർത്തി വെളിച്ചെണ്ണ വില കുത്തനെ ഉയർത്തിയ തമിഴ്നാട് ലോബി വാരാന്ത്യം വില്പനക്കാരായി. വിദേശ ഓർഡറുകൾ ഉയർന്ന വിലയ്ക്ക് എത്താത്തത് മില്ലുകാരെ സ്റ്റോക്ക് വിറ്റുമാറാൻ പ്രേരിപ്പിക്കുന്നു.

അറബ് രാജ്യങ്ങളിൽ നിന്നും വൻ ഓർഡറുകൾ എത്തുമെന്ന നിഗമനത്തിലായിരുന്നു കാങ്കയത്തെ മില്ലുകാർ. തമിഴ്നാട്ടിൽ എണ്ണ വില 18,175 രൂപയിൽ നിന്നും 19,500 വരെ ഉയർന്ന ശേഷം ശനിയാഴ്ച 18,500ലേക്ക് ഇടിഞ്ഞു. കൊച്ചിയിൽ വെളിച്ചെണ്ണ 22,200 ലും കൊപ്ര 12,900 രൂപയിലും സ്റ്റെഡിയാണ്.

# പുതിയ തീർഥാടന പാക്കേജ് അവതരിപ്പിച്ച് ഐആർസിടിസി

**കൊച്ചി:** ഭക്തർക്കും വിനോദസഞ്ചാരികൾക്കുമായി ഭാരത് ഗൗരവ് ഡീലക്സ് ടൂറിസ്റ്റ് ട്രെയിനിൽ പുതിയ തീർഥാടന പാക്കേജ് അവതരിപ്പിച്ച് ഇന്ത്യൻ റെയിൽവേ കാറ്ററിംഗ് ആൻഡ് ടൂറിസം കോർപറേഷൻ. 'ഡിവൈൻ ഈസ്റ്റ് ടെമ്പിൾ ടൂർ' എന്ന് പേരിട്ടിരിക്കുന്ന പ്രത്യേക സർക്യൂട്ട് വഴി ഉത്തർപ്രദേശ്, ഒഡീഷ, പശ്ചിമ ബംഗാൾ, ജാർഖണ്ഡ് എന്നീ സംസ്ഥാനങ്ങളിലെ പ്രശസ്തമായ തീർഥാടന കേന്ദ്രങ്ങളും സാംസ്കാരിക പൈതൃക സ്ഥലങ്ങളും സന്ദർശിക്കാൻ യാത്രക്കാർക്ക് അവസരമൊരുങ്ങും. 11 ദിവസത്തെ റെയിൽ അധിഷ്ഠിത യാത്ര ഒക്ടോബർ അഞ്ചിനാണ് സമാപിക്കുക.

ആധുനിക സൗകര്യങ്ങളുള്ള ഭാരത് ഗൗരവ് ഡീലക്സ് ട്രെയിനിൽ എസി ഫസ്റ്റ്, എസി സെക്കൻഡ്, എസി തേർഡ് വിഭാഗങ്ങളിലായി സുസജ്ജമായ കാബിനുകളാണ് ഒരുക്കിയിട്ടുള്ളത്. വിവിധ ക്ലാസുകളിലെ നിരക്കുകൾ ഇങ്ങനെ:

എസി ഫസ്റ്റ് ക്ലാസ്: 1,13,530 രൂപ (ഒരാൾക്ക്)എസി സെക്കൻഡ് ക്ലാസ്: 1,06,145 രൂപ (ഒരാൾക്ക്) എസി തേർഡ്ക്ലാസ്: 91,370 രൂപ (ഒരാൾക്ക്). പാക്കേജ് തുകയിൽ ട്രെയിൻ യാത്രയ്ക്കു പുറമെ ത്രീ സ്റ്റാർ ഹോട്ടലുകളിലെ താമസം, ഭക്ഷണം, കാഴ്ചകൾ കാണുന്നതിനായുള്ള എസി വാഹന സൗകര്യം, യാത്രാ ഇൻഷ്വറൻസ്, ഐആർസിടിസി ടൂർ മാനേജർമാരുടെ സേവനം എന്നിവ ഉൾപ്പെട്ടിട്ടുണ്ട്.



താത്പര്യമുള്ള യാത്രക്കാർക്ക് ഐആർസിടിസിയുടെ ഔദ്യോഗിക ടൂറിസം പോർട്ടൽ വഴിയോ രാജ്യത്തുടനീളമുള്ള അംഗീകൃത ഓഫീസുകൾ വഴിയോ ബുക്ക് ചെയ്യാം.

## ടോപ് ടെൻ കമ്പനികൾ: ആറെണ്ണത്തിന്റെ വിപണിമൂല്യം ഉയർന്നത് 88,678 കോടി രൂപ

**മുംബൈ:** അവധി ദിവസങ്ങൾ കാരണം പ്രവൃത്തിദിനങ്ങൾ കുറവായിരുന്ന കഴിഞ്ഞ ആഴ്ചയിൽ, രാജ്യത്തെ ഏറ്റവും മൂല്യമുള്ള 10 കന്പനികളിൽ 6 എണ്ണത്തിന്റെ ആകെ വിപണി മൂല്യം 88,678.1 കോടി രൂപ വർധിച്ചു. ഐസിഐസിഐ ബാങ്കാണ് ഏറ്റവും കൂടുതൽ നേട്ടമുണ്ടാക്കിയത്.

കഴിഞ്ഞ ആഴ്ചയിൽ ബിഎസ്ഇ സെൻസെക്സ് 297.57 പോയിൻറ് (0.38 ശതമാനം) ഉയർന്നപ്പോൾ, എൻഎസ്ഇ നിഫ്റ്റി 42.9 പോയിൻറ് (0.17 ശതമാനം) നേട്ടമുണ്ടാക്കി.

റിലയൻസ് ഇൻഡസ്ട്രീസ്, എച്ച്ഡിഎഫ്സി ബാങ്ക്, ഐസിഐസിഐ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ബജാജ് ഫിനാൻസ്, ലാർസൻ ആൻഡ് ടൂബ്രോ എന്നീ കന്പനികൾ നേട്ടമുണ്ടാക്കിയപ്പോൾ; ഭാരതി എയർടെൽ, ടാറ്റാ കൺസൾട്ടൻസി സർവീസസ്, ലൈഫ് ഇൻഷുറൻസ് കോർപറേഷൻ ഓഫ് ഇന്ത്യ, ഹിന്ദുസ്ഥാൻ യൂണിലിവർ എന്നീ കമ്പനികളുടെ വിപണിമൂല്യത്തിൽ ഇടിവുണ്ടായി.

## കാൻഡിയറിന്റെ പുതിയ ബ്രാൻഡ് അംബാസഡറായി സ്മൃതി മന്ദാന

**കൊച്ചി:** കല്യാൺ ജൂവലേഴ്സിന്റെ ലൈഫ്സ്റ്റൈൽ ജൂവലറി ബ്രാൻഡായ കാൻഡിയർ, പ്രമുഖ ഇന്ത്യൻ ക്രിക്കറ്റ് താരം സ്മൃതി മന്ദാനയെ തങ്ങളുടെ പുതിയ ബ്രാൻഡ് അംബാസഡറായി പ്രഖ്യാപിച്ചു. ബ്രാൻഡിൻറെ മുഖമായി ഷാരൂഖ് ഖാനൊപ്പം ചേരുന്ന സ്മൃതിയുടെ സാന്നിധ്യം, ആധുനിക ഇന്ത്യയിലെ യുവ ഉപഭോക്താക്കളുമായുള്ള ബന്ധം ശക്തിപ്പെടുത്താനുള്ള കാൻഡിയറിൻറെ യാത്രയിലെ സുപ്രധാനമായ കാൽവെപ്പാണ്.



ഇന്ത്യയിലെ ഏറ്റവും മികച്ച ക്രിക്കറ്റ് താരങ്ങളിൽ ഒരാളായ സ്മൃതി, തന്റെ നേട്ടങ്ങളിലൂടെയും സ്ഥിരതയിലൂടെയും ആത്മാർത്ഥതയിലൂടെയും പ്രേക്ഷകരുമായി ശക്തമായൊരു ബന്ധം കെട്ടിപ്പടുത്തിട്ടുണ്ട്. രാജ്യത്തുടനീളം വനിതാ ക്രിക്കറ്റിന് ജനപ്രീതിയും ശ്രദ്ധയും ഏറിവരുന്ന ഈ സാഹചര്യത്തിൽ, സ്മൃതിയുമായുള്ള കാൻഡിയറിന്റെ സഹകരണം ബ്രാൻഡിന്റെ പുതിയ കാഴ്ചപ്പാടിനെ പ്രതിഫലിപ്പിക്കും. ആഭരണങ്ങളെ കേവലം വിശേഷാവസരങ്ങളിൽ മാത്രം ധരിക്കാനുള്ള ഒന്നായല്ല, മറിച്ച് ദൈനംദിന ജീവിതത്തിന്റെ സ്വാഭാവിക ഭാഗമായി കാണുന്ന ഉപഭോക്താക്കളിലാണ് ബ്രാൻഡ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

സ്മൃതി മന്ദാനയുടെ സ്വാധീനം ക്രിക്കറ്റ് മൈതാനത്തിനും അപ്പുറമാണെന്നും ലക്ഷ്യബോധം, ആത്മാർത്ഥത, ആത്മവിശ്വാസം എന്നിവയ്ക്ക് വില കല്പിക്കുന്ന തലമുറയെയാണ് അവർ പ്രതിനിധീകരിക്കുന്നതെന്നും കാൻഡിയർ ഡയറക്ടർ രമേഷ് കല്യാണരാമൻ പറഞ്ഞു. നേട്ടങ്ങളിലൂടെയും പെരുമാറ്റത്തിലൂടെയും ദശലക്ഷക്കണക്കിൻ ആളുകൾക്ക് അവർ പ്രചോദനമായി മാറിയിരിക്കുന്നു. ഷാരൂഖ് ഖാനൊപ്പം കാൻഡിയറിൻറെ മുഖമായി സ്മൃതിയേയും സ്വാഗതം ചെയ്യുന്നതിൽ അതിയായ സന്തോഷമുണ്ട്. ഇന്ത്യയുടെ വൈവിധ്യത്തെയും ഉപഭോക്താക്കൾ തങ്ങളെത്തന്നെ പ്രകടിപ്പിക്കുന്ന വ്യത്യസ്ത രീതികളെയുമാണ് ഇരുവരും പ്രതിഫലിപ്പിക്കുന്നത്. കാൻഡിയർ ഒരു ലൈഫ്സ്റ്റൈൽ ആഭരണ ബ്രാൻഡായി വളർന്നു കൊണ്ടിരിക്കുമ്പോൾ, സ്മൃതിയുമായുള്ള ഈ സഹകരണം രാജ്യത്തുടനീളമുള്ള ഉപഭോക്താക്കളുമായുള്ള ഞങ്ങളുടെ ബന്ധം കൂടുതൽ ആഴത്തിലുള്ളതാക്കാൻ സഹായിക്കുമെന്നും അദ്ദേഹം പറഞ്ഞു.

ഉപഭോക്താക്കളുടെ താത്പര്യങ്ങൾ മാറിക്കൊണ്ടിരിക്കുന്നതിനനുസരിച്ച്, ദൈനംദിന വസ്ത്രധാരണത്തിൻറെ ഭാഗമായ ആഭരണങ്ങളും മാറിക്കൊണ്ടിരിക്കുകയാണ്. ഈ മാറ്റം ഉൾക്കൊണ്ടുകൊണ്ടാണ് കാൻഡിയർ ആഭരണങ്ങൾ ഒരുക്കിയിരിക്കുന്നത്. പ്രവൃത്തിദിനങ്ങൾ, വാരാന്ത്യങ്ങൾ, ആഘോഷങ്ങൾ, ജീവിതത്തിലെ സുപ്രധാന നിമിഷങ്ങൾ എന്നിവയിലെല്ലാം ഒരുപോലെ ഇണങ്ങുന്ന തരത്തിലുള്ള സമകാലിക ആഭരണ രൂപകല്പനകളാണ് കാൻഡിയറിൻറേത്. ഇത് ഉപഭോക്താക്കൾക്ക് എപ്പോഴും കൂടുതൽ എളുപ്പത്തിലും അർത്ഥവത്തായും ആഭരണങ്ങൾ ധരിക്കാൻ അവസരമൊരുക്കുന്നു. ഇന്നത്തെ ഉപഭോക്താക്കളുടെ സ്റ്റൈൽ സങ്കല്പ്പങ്ങളെ കൃത്യമായി മനസിലാക്കുന്ന കാൻഡിയറുമായി സഹകരിക്കുന്നതിൽ വലിയ സന്തോഷമുണ്ടെന്ന് സ്മൃതി മന്ദാന പറഞ്ഞു.